## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5183 02.07.2013 -ൽ മറുപടിക്ക്

**നാലമ്പലദർശനത്തിന് പ്രത്യേകം കെ.എസ്.ആർ.ടി.സി ബസ്സുകൾ**

ചോദ്യം | ഉത്തരം

ശ്രീമതി. ഗീതാ ഗോപി:

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | തൃപ്രയാർ ശ്രീരാമക്ഷേത്രം - ഇരിങ്ങാലക്കുട കൂടൽമാണിക്യം - മൂഴിക്കുളം - പായമ്മൽ എന്നീ നാലു ക്ഷേത്രങ്ങളിൽ ഒരേ ദിവസം ദർശനം നടത്തുന്നതിന് തീർത്ഥാടകരുടെ സൗകര്യാർത്ഥം കർക്കിടകം - 1 മുതൽ കെ.എസ്.ആർ.ടി.സിയുടെ സ്പെഷ്യൽ ബസ്സുകൾ ഓടിക്കാൻ നടപടി സ്വീകരിക്കുമോ; | (എ) | മുൻകാലങ്ങളിലെപോലെ അധിക സർവ്വീസുകൾ ഓടിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | എത്ര സ്പെഷ്യൽ ബസ്സുകളാണ് അനുവദിക്കാൻ ഉദ്ദേശിക്കുന്നത് ; കർക്കിടകമാസം മുഴുവൻ 4 ബസ്സുകളെങ്കിലും ഓപ്പറേറ്റ് ചെയ്യുമോ ; | (ബി) | അധികമായി രണ്ട് സർവ്വീസുകളാണ് അനുവദിക്കുവാൻ ഉദ്ദേശിക്കുന്നത്. തിരക്കിനനുസരിച്ച് കൂടുതൽ ബസ്സുകൾ ആവശ്യമെങ്കിൽ അനുവദിക്കുന്നതാണ്. |
| (സി) | തൃശ്ശൂർ ഡിപ്പോയിൽ നിന്നാരംഭിച്ച് തൃപ്രയാർ ക്ഷേത്രം വഴി നാലമ്പലദർശനം നടത്താൻ റൂട്ട് അനുവദിക്കുമോ ; കർക്കിടകം -1 ന് തൃപ്രയാർ ക്ഷേത്രനടയിൽ ഉദ്ഘാടനം നടത്തുവാൻ കഴിയും വിധം നടപടികൾ സ്വീകരിക്കുമോ? | (സി) | തൃശ്ശൂർ ഡിപ്പോയിൽ നിന്നും പ്രസ്തുത സർവ്വീസ് ലാഭകരമായി നടത്തുവാൻ കഴിയാത്തതിനാൽ അവിടെ നിന്നും സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിഗണനയിലില്ല. കർക്കിടകം -1 ന് തൃപ്രയാർ ക്ഷേത്രനടയിൽ നിന്ന് സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ